(എഫ്) ഡി.ഐ.ജി.-മാരുടെ ചുമതലകൾ അടങ്ങുന്ന ഉത്തരവിന്റെ പകർപ്പ് അനുബന്ധം 'ബി'-യിൽ കാണുക.†

മേഖല ഡി.ഐ.ജി. ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു:

ഡി.ഐ.ജി.	..	1
ക്ലാർക്ക്-ടൈപ്പിസ്റ്റ്	..	1
ക്ലാർക്ക്	..	1
വാർഡർ	..	1

(ജി) ആസ്ഥാന കാര്യാലയത്തിലെ നിലവിലുള്ള ജീവനക്കാരുടെ എണ്ണം പരിമിതമായതിനാൽ മേഖലാ ഡി.ഐ.ജി. ഓഫീസുകളിലേയ്ക്ക് വികേന്ദ്രീകരിച്ച് നിയമനം നൽകിയിട്ടില്ല.

(എച്ച്) അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഐ) 1. സെൻട്രൽ പ്രിസൺ, തിരുവനന്തപുരം

വാർഡർ	..	165
ഹെഡ്വാർഡർ	..	60

2. സെൻട്രൽ പ്രിസൺ, വിയ്യൂർ

വാർഡർ	..	80
ഹെഡ്വാർഡർ	..	21

3. സെൻട്രൽ പ്രിസൺ, കണ്ണൂർ

വാർഡർ	..	105
ഹെഡ്വാർഡർ	..	27

(ജെ) ജയിൽ വകുപ്പിനെ മൂന്ന് മേഖലകളായി തിരിച്ചാണ് വാർഡർമാരുടെ നിയമനവും ഹെഡ്വാർഡർമാരുടെ പ്രൊമോഷനും നടത്തിവരുന്നത്. വാർഡൻ, ഹെഡ്വാർഡർ അനുപാതം 3 :1 എന്ന രീതിയിൽ ഓരോ മേഖലയിലും നൽകിയിട്ടുണ്ട്.

ജീവപര്യന്തം തടവുകാരുടെ പരോൾ വ്യവസ്ഥകൾ

56 [774] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന ജീവപര്യന്തം തടവുകാരുടെ അകാല വിടുതലിനേയും പരോളിനേയും സംബന്ധിച്ചുള്ള പൊതുമാനദണ്ഡം നിർദ്ദേശിക്കുന്ന ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത് എന്നായിരുന്നു;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിൻമേൽ എന്തെങ്കിലും നപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജയിൽ അഡ്വൈസറി കമ്മിറ്റി, റിവ്യൂ കമ്മിറ്റി എന്നിവ എത്ര പ്രാവശ്യം യോഗം ചേർന്നു; ഇവ ആറു മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) യോഗം ചേർന്നിട്ടില്ലെങ്കിൽ ആയത് അടിയന്തിരമായി ചേരാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ഇ) തടവുകാരുടെ മിനിമം വേജസ് പരിഷ്കരണം സംബന്ധിച്ച ശുപാർശകൾ എപ്പോൾ ലഭിച്ചതാണ് എന്നും ഇതു പ്രാവർത്തികമാക്കാൻ വൈകുന്നതെന്തുകൊണ്ടെന്നും വ്യക്തമാക്കുമോ;

(എഫ്) ജയിലിൽ നിലവിലുള്ള ഭക്ഷണക്രമം പരിഷ്കരിച്ച് പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരമുള്ള പുതുക്കിയ ഭക്ഷണ രീതി നടപ്പിലാക്കിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2-11-2003-ൽ.

(ബി) പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പഠിക്കുകയും ഇൻഡ്യൻ ഭരണഘടനയിലെ 161-ാമത് ആർട്ടിക്കിൾ അനുസരിച്ച് തടവുകാരെ വിടുതൽ ചെയ്യുന്നത് സംബന്ധിച്ച് ഹൈലെവൽ കമ്മിറ്റി തയ്യാറാക്കിയ മാർഗ്ഗരേഖകൾ സർക്കാർ അംഗീകരിക്കുകയും ഉണ്ടായി. ഇൻഡ്യൻ ഭരണഘടനയിലെ 161-ാമത് വകുപ്പുപ്രകാരം തടവുകാരുടെ ശിക്ഷ ഇളവു ചെയ്ത് വിടുതൽ ചെയ്യുന്നതിലേയ്ക്ക് നിയമനിർമ്മാണമുണ്ടാകുന്നതിന് മുൻപായി ടി വകുപ്പിനെക്കുറിച്ച് തടവുകാർക്കും പൊതുജനങ്ങൾക്കും വ്യക്തമായ ധാരണയുണ്ടാക്കുന്നതിലേക്കായി ഹൈലെവൽ കമ്മിറ്റി നിർദ്ദേശിച്ച മാർഗ്ഗരേഖകൾ കേരളത്തിലെ എല്ലാ ജയിലുകളിലേക്കും അയച്ചുകൊടുക്കുകയുണ്ടായി.

(സി, ഡി) ജയിൽ അഡ്വൈസറി ബോർഡ് ആറുമാസത്തിലൊരിക്കൽ കൂടണമെന്നാണ് വ്യവസ്ഥ. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെൻട്രൽ പ്രിസൺ, വിയ്യൂർ, വനിതാ ജയിൽ, നെയ്യാറ്റിൻകര, തുറന്ന ജയിൽ, നെട്ടുകാൽത്തേരി എന്നീ ജയിലുകളിലെ അഡ്വൈസറി ബോർഡ് ഓരോ തവണയും സെൻട്രൽ പ്രിസൺ, കണ്ണൂർ, സെൻട്രൽ പ്രിസൺ, തിരുവനന്തപുരം എന്നീ ജയിലുകളിലെ അഡ്വൈസറി ബോർഡ് രണ്ടു തവണ വീതവും കൂടിയിട്ടുണ്ട്.

ബഹു. കേരള ഹൈക്കോടതിയുടെ 10-1-2002, 4-6-2002 എന്നീ തീയതികളിലെ ക്രിമിനൽ എം.സി. 400/01 ഉത്തരവിൽ ജീവപര്യന്തം ശിക്ഷയ്ക്ക് വിധിക്കപ്പെട്ട തടവുകാരൻ 14 വർഷമെങ്കിലും യഥാർത്ഥ ശിക്ഷ അനുഭവിച്ചിരിക്കണമെന്നും അതിനുശേഷമുള്ള വിടുതൽതന്നെ കേസിന്റെ എല്ലാ സ്വഭാവവും പരിശോധിച്ചതിനുശേഷം മാത്രമായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുള്ളതിനാൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രിസൺ റിവ്യൂ കമ്മിറ്റി കൂടുകയുണ്ടായില്ല.

(ഇ) തടവുകാരുടെ മിനിമം വേജസ് പരിഷ്കരിക്കുന്നതിനായി 27-11-1998-ലെ ജി.ഒ. (എംഎസ്.) 357/98/ഹോം ഉത്തരവ് പ്രകാരം ഒരു വേജ് ഫിക്സേഷൻ ബോഡി രൂപീകരിക്കുകയും പ്രസ്തുത ബോഡി 18-11-1999-ൽ ഇത് സംബന്ധിച്ച് ശുപാർശ

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിക്കുകയുണ്ടായി. ടി ശുപാർശ സർക്കാർ അംഗീകരിച്ച് 3-4-2000-ലെ ജി.ഒ. (എംഎസ്.) 77/2000/ഹോം പ്രകാരം പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ടി ഉത്തരവനുസരിച്ച് 9 രൂപാ മുതൽ 23 രൂപ വരെ അവരുടെ തൊഴിലിന്റെ സ്വഭാവമനുസരിച്ച് തടവുകാർക്ക് നൽകിവരുന്നു.

(എഫ്) ജയിലിൽ നിലവിലുള്ള ഭക്ഷണക്രമം പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ ജയിലിൽ നിലവിലുള്ള ഭക്ഷണക്രമങ്ങളെക്കുറിച്ച് പഠിച്ച് മെച്ചപ്പെട്ട ഭക്ഷണം ശുപാർശചെയ്യുന്നതിലേക്ക് ആഭ്യന്തര വകുപ്പ് അഡീഷണൽ സെക്രട്ടറി അദ്ധ്യക്ഷയായി 14-3-2003 തീയതിയിലെ ജി.ഒ.(ആർ‌ടി.) 413/2003/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയെ സർക്കാർ നിയമിക്കുകയുണ്ടായി. ടി കമ്മിറ്റി അതിന്റെ ശുപാർശ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ടി ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

തിരുവനന്തപുരം വിമാനത്താവളത്തിലെ എമിഗ്രേഷൻ വിഭാഗത്തിന്റെ പ്രവർത്തനം

57 [775] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, സി. മോയിൻകുട്ടി:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തേക്ക് നഴ്സിംഗ് ജോലിക്ക് പോകാൻ വന്ന നാല് യുവതികളുടെ യാത്ര, യാത്രാരേഖകളുണ്ടായിരുന്നിട്ടും തിരുവനന്തപുരം വിമാനത്താവളത്തിൽ എമിഗ്രേഷൻ അധികൃതർ തടഞ്ഞതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പരാതി സംബന്ധിച്ച് വാസ്തവ സ്ഥിതി അറിഞ്ഞിട്ടുണ്ടോ;

(സി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) എമിഗ്രേഷൻ അധികൃതർ മനഃപൂർവ്വം യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നത് തടയുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചു?

ഉത്തരം

(എ—സി) പരാതി ലഭിച്ചിട്ടില്ല. എന്നാൽ 18-11-2003-ന് എയർ ഇൻഡ്യാ വിമാനം എ.ഐ. 915-ൽ ദമാമിലേക്ക് ജോലിക്കായി പോകാൻവന്ന 30 വയസ്സിനു താഴെ പ്രായമുള്ള 6 സ്ത്രീകളുടെ യാത്രാരേഖകൾ പരിശോധിച്ചതിൽ ടി യാത്രക്കാർ ഏതു ജോലിക്കാണ് പോകുന്നതെന്നുള്ള വിവരം അവരുടെ കൈവശമുള്ള അറബി ഭാഷയിലുള്ള വിസ പരിശോധിച്ചതിൽനിന്നും മനസ്സിലാക്കാൻ കഴിയാത്തതിനാൽ ടി വിസയുടെ ഇംഗ്ലീഷ് പരിഭാഷ കൊണ്ടുവരാൻ നിർദ്ദേശിച്ച് യാത്ര തടഞ്ഞിട്ടുണ്ട്. തുടർന്ന് 20-11-2003-ൽ ഗൾഫ് എയർ 463 വിമാനത്തിൽ യാത്ര ചെയ്യുന്നതിനുവേണ്ടി വിസ പരിഭാഷ ഉൾപ്പെടെയുള്ള മതിയായ യാത്രാരേഖകളുമായി മേൽപ്പറഞ്ഞവരെല്ലാം എത്തുകയും എല്ലാവരേയും എമിഗ്രേഷൻ ക്ലിയർ ചെയ്യുകയുമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly